"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- 'ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള' യെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും (ബി) വകുപ്പ്**

G.O.(Rt)No.208/2023/ITD തീയതി,തിരുവനന്തപുരം, 05-10-2023

---

പരാമർശം:-

1. ഐ.സി.ടി അക്കാദമി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29/05/2023 തീയതിയിലെ ICTAK/CEO/301 നമ്പർ കത്ത്.
2. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ 19/07/2023 തീയതിയിലെ KSDI/9/2023-KSITM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

'ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.ടി) അക്കാദമി ഓഫ് കേരള'-യെ തൊഴിൽ നൈപുണ്യ/ ഐ.ടി അധിഷ്ഠിത പരിശീലന പരിപാടികളുടെ ടോട്ടൽ സർവീസ് പ്രൊവൈഡറായി അംഗീകരിക്കണമെന്ന് പരാമർശം (4) പ്രകാരം 'ഐ.സി.ടി അക്കാദമി ഓഫ് കേരള' ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു. 'ഐ.സി.ടി അക്കാദമി ഓഫ് കേരള' വിവിധ വകുപ്പുകളിൽ സാങ്കേതികവിദ്യ അധിഷ്ഠിതമായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ടെന്നും, വിദ്യാഭ്യാസ, കോർപ്പറേറ്റ് മാനേജ്മെന്റ് തുടങ്ങി വിവിധ മേഖലകളിലെ സ്ഥാപനങ്ങളിൽ ഐ.ടി അധിഷ്ഠിത പരിശീലന പരിപാടികളും, ഐ.ടി. നൈപുണ്യ വികസന പദ്ധതികളും ആസൂത്രണം ചെയ്തിട്ടുള്ളതിന്റെയും, കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ 60,000 ത്തോളം പേർക്ക് പരിശീലനം നൽകുകയും സൈബർ സെക്യൂരിറ്റി ട്രെയിനിംഗ്, സോഫ്റ്റ് വെയർ എഞ്ചിനീയറിംഗ്, ഇന്റേൺഷിപ്പ് പ്രോഗ്രാം തുടങ്ങിയ വിവിധതരം പരിശീലന പരിപാടികൾ നടപ്പിലാക്കിയതിന്റെയും അടിസ്ഥാനത്തിലാണ് ടോട്ടൽ സർവീസ് പ്രൊവൈഡറായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളത്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഐ.ടി അധിഷ്ഠിത പരിശീലന പരിപാടികളുടെ നടത്തിപ്പിലും നൈപുണ്യ ദാതാവായി പ്രവർത്തിച്ച അനുഭവ സമ്പത്തിന്റെയും അടിസ്ഥാനത്തിൽ 'ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള' യെ താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി ടോട്ടൽ സർവീസ് പ്രൊവൈഡറായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പദ്ധതി നടത്തിപ്പിന്റെ പ്രധാന ഭാഗങ്ങളെല്ലാം 'ഐ.സി.ടി അക്കാദമി ഓഫ് കേരള'യിലെ ജീവനക്കാർ മുഖേനയാണ് നടപ്പിലാക്കുന്നത് എന്ന് ഉറപ്പുവരുത്തണം. പുറമെയുള്ള ഏജൻ സികളെ ആശ്രയിക്കേണ്ടിവന്നേക്കാവുന്ന (മൂന്നാം കക്ഷി സ്രോതസ്സുകളുടെ സേവനങ്ങളെ ആശ്രയിക്കേണ്ടി വന്നേക്കാവുന്ന) അവസരങ്ങളിൽ സുതാര്യമായ സാങ്കേതിക-വാണിജ്യ മൂല്യനിർണ്ണയ പ്രക്രിയയിലൂടെയോ മത്സരാധിഷ്ഠിത ലേലത്തിലൂടെയോ മാത്രമേ മൂന്നാം കക്ഷി ഏജൻസിയെ ഉൾപ്പെടുത്താവൂ.

ii. സർക്കാർ നിബന്ധനകൾക്കു വിധേയമായി സ്റ്റാർട്ടപ്പ് കമ്പനികളെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

iii. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഹാർഡ് വെയർ/സോഫ്റ്റ് വെയർ പർച്ചേയ്സ്, ടെൻഡറുകൾ മുതലായവ ഈ വിഷയത്തിൽ ആവശ്യമായ എല്ലാ നടപടിക്രമങ്ങളും വ്യവസ്ഥകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് മാത്രമേ ചെയ്യുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR RATHAN U KELKAR I A S

SECRETARY

എല്ലാ അഡീ.ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഐ.സി.ടി അക്കാദമി ഓഫ് കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ), ഐ &പി ആർ ഡി.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
Date: 06-10-2023 11:57:42

സെക്ഷൻ ഓഫീസർ